പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3742      23.08.2017 ൽ മറുപടിയ്ക്ക്

## പി. യു. ചിത്രയ്ക്ക് ലോക അത് ലറ്റിക് ചാമ്പ്യൻഷിപ്പിൽ അവസരം നിഷേധിച്ച സംഭവം

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കേരളത്തിന്റെ അഭിമാനമായ പി.യു.ചിത്രയ്ക്ക് ലണ്ടനിൽ നടക്കുന്ന ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരം നിഷേധിച്ച സാഹചര്യത്തിൽ വൈൽഡ് കാർഡ് എൻട്രി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നോ; | എ) | • പി.യു.ചിത്രയെ ലോക ചാമ്പ്യൻഷിപ്പിനുള്ള ടീമിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. |
| ബി) | 1500 മീറ്റർ ഓട്ടത്തിൽ ഏഷ്യൻ ചാമ്പ്യനായ പി.യു.ചിത്രയെ സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിയതിലുള്ള അതൃപ്തി അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയെ അറിയിച്ചിട്ടുണ്ടോ; | ബി) | കേന്ദ്ര കായിക മന്ത്രിയ്ക്കും അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റിനും സംസ്ഥാന സർക്കാർ അയച്ച കത്തിൽ പി.യു.ചിത്രയെ സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിയതിലുള്ള അതൃപ്തി അറിയിച്ചിരുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കാതിരിക്കുന്നതിന് ദേശീയ ഫെഡറേഷനുകൾക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ച് കേന്ദ്ര യുവജനകാര്യ കായിക സെക്രട്ടറിയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും കത്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ